# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.31**
**27-09-2016 ലെ മറുപടിക്ക്**

## കിഫ്ബി ഭേദഗതി

| ചോദ്യം<br>ശ്രീ. കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) കിഫ്ബി നിയമം ഭേദഗതി ചെയ്തതിനു ശേഷമുള്ള മൂലധനം, പ്രവർത്തന മൂലധനം, ഷെയർ ഹോൾഡിംഗ് പാറ്റേൺ എന്നിവയെക്കുറിച്ച് വിശദമാക്കാമോ? | 1999 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ് (2000 ലെ 4), 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്തു. 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2000 കോടിയിൽ അവശേഷിച്ച 873.85 കോടി, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ കിഫ്ബിയുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നം.479 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | കിഫ്ബി ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായാണ് നിലവിൽ വന്നിട്ടുള്ളത്. ആയതിനാൽ കിഫ്ബിക്ക് ഒരു പ്രത്യേക മൂലധനമോ ഷെയർ ഹോൾഡിംഗ് പാറ്റേണോ ഇല്ല. കിഫ് ആക്റ്റ് പ്രകാരം രൂപീകൃതമായിട്ടുള്ള കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേക്കാണ് കിഫ്ബിയുടെ എല്ലാവിധ ധനവും സമാഹരിക്കുന്നത്. |
| **(ബി)** 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബി വഴി എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്നും ഈ പദ്ധതികൾ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ? ഈ പദ്ധതികളുടെ ഗവൺമെന്റ് വിഹിതം എത്രയാണെന്ന് വിശദീകരിക്കാമോ? | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 20,000 കോടി രൂപയുടെ 2-ാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഇതിൻ പ്രകാരം വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് അവലോകനം നടത്തിയ ശേഷം, 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായ പദ്ധതികൾക്ക് കിഫ് ബോർഡ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. പൂർണമായും കിഫ്ബിയുടെ ധനസഹായം വഴി നടപ്പാക്കുന്ന പ്രോജക്റ്റുകൾക്ക് പ്രത്യേക ഗവൺമെന്റ് വിഹിതം ഉണ്ടാവില്ല. |

**സെക്ഷൻ ഓഫീസർ**